SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**08-08-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി **ഓണ സമൃദ്ധി 2021** എന്ന പേരിൽ 17-08-2021 മുതൽ 20-08-2021 വരെ സംസ്ഥാനത്തുടനീളം 2000 നാടൻ പഴം - പച്ചക്കറി കാർഷിക ചന്തകൾ സംഘടിപ്പിക്കുന്നു. ഈ കാർഷിക ചന്തകളിലൂടെ പ്രാദേശിക കർഷകരിൽ നിന്നും പച്ചക്കറികൾ പൊതു വിപണിയിലെ സംഭരണ വിലയെക്കാൾ 10 ശതമാനം അധിക വിലയ്ക്ക് സംഭരിയ്ക്കുകയും പൊതുവിപണി വിൽപ്പന വിലയേക്കാൾ 30 ശതമാനം വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും.

2. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ നല്ലയിനം കുരുമുളക്, കുറ്റിയാടി തെങ്ങിൻ തൈകൾ, മോഹിത് നഗർ, മംഗള  കവുങ്ങിൻ തൈകൾ, ജാതി ഗ്രാഫ്റ്റ് , മാവ് ഗ്രാഫ്റ്റ് എന്നീ നടീൽ വസ്തുക്കളും മണ്ണിര കമ്പോസ്റ്റ് , ട്രൈക്കോഡെർമ , സ്യൂഡോമോണസ് , വാഴയുടെ സൂക്ഷ്മ മൂലകക്കൂട്ട് അയർ, പച്ചക്കറികളുടെ സമ്പൂർണ സൂക്ഷ്മ മൂലക കൂട്ട് എന്നീ കാർഷിക സാങ്കേതിക ഉപാധികളും, കൂൺ വിത്ത്, നീം സോപ്പ്, ഫെറമോൺ കെണി തുടങ്ങി വിവിധ നടീൽ വസ്തുക്കൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ടെന്ന് കോഴിക്കോട് കെ വി കെ പ്രോഗ്രാം കോർഡിനേറ്റർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0496-2966041 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

3. വേങ്ങേരിയിൽ പ്രവർത്തിക്കുന്ന കേരള കാർഷിക സർവകലാശാലയുടെ കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ മീലിമൂട്ട, നിമാവിരകൾ എന്നിവയ്ക്ക് എതിരെ ഉള്ള പോച്ചോണിയ, പെസിലിയോമൈസസ്, പൊട്ടാഷ് വളമായ ബയോപൊട്ടാഷ്, ചെടികളുടെ വേരുകളെ ശക്തിപ്പെടുത്തുന്ന വി എ  എം, രോഗപ്രതിരോധ ശേഷി വർധിപ്പിച്ച വളർച്ച കൂട്ടുന്ന സ്യൂഡോമോണസ്, ട്രൈക്കോഡെർമ, പ്രാണികൾക്കൾക്കു എതിരെയുള്ള ബ്യൂവേറിയ, പച്ചക്കറിക്കുള്ള മൈക്രോ ന്യൂട്രിയന്റ് മിക്സ് സമ്പൂർണ, പച്ചക്കറി വിത്തുകളായ ചീര, കൈപ്പ, പടവലം, മത്തൻ, വള്ളിപ്പയർ, വഴുതന, പീച്ചിൽ, മാവിനുള്ള കായീച്ചകെണി, പച്ചക്കറികൾക്കുള്ള കായീച്ചകെണി തുടങ്ങിയ വിവിധ ജൈവ നിയന്ത്രണ ഉപാധികൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0495 2935850 എന്ന നമ്പരിൽ ബന്ധപ്പെടുക.

**08-08-2021**

4. ഒരു ദിവസം പ്രായമുള്ള ഗ്രാമപ്രിയ ഇനത്തിൽപ്പെട്ട പൂവൻകോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് തയ്യാറാണെന്ന് പൗൾട്രി വികസന കോർപ്പറേഷൻ മാനേജിങ്ങ് ഡയറക്ടർ അറിയിച്ചു. ആവശ്യമുള്ളവർ ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. കൊട്ടിയം 9495000923, തിരുവനന്തപുരം 0471-2478585, 7510407930, 9495000915.

**പരിശീലന പരിപാടികൾ**

5. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ്ങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 11-ന് രാവിലെ 10 മണി മുതൽ **കേരളത്തിന് അനുയോജ്യമായ സംയോജിത കൃഷി സമ്പ്രദായങ്ങൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. **സമേതി കേരളയുടെ** ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിവരങ്ങൾക്ക് 0471 – 2740440 / **9349482600** എന്നീ നമ്പരുകളിലോ sametikerala@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

6. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ **"ഓമനമൃഗങ്ങളുടെ ആരോഗ്യപരിരക്ഷയും രോഗപ്രതിരോധവും"** എന്ന വിഷയത്തിൽ ഇന്ന് (ആഗസ്റ്റ് 8 ന്) വൈകിട്ട് 5 മണിക്ക് ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു https://us02web.zoom.us/j/9995213500 എന്ന ലിങ്കിലൂടെ 9995213500 എന്ന ഐ ഡി ഉപയോഗിച്ച് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് 9446714462 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ വൈറ്റില ആർ.എ.റ്റി.റ്റി.സി കർഷകർക്കായി നാളെ (9-8-21 ന്) **കാലാവസ്ഥാവ്യതിയാനവും വിള ആരോഗ്യവും** എന്ന വിഷയത്തിൽ ഉച്ചതിരിഞ്ഞ് 2.30 ന് ഫേയ്സ്ബുക്ക് പരിശീലന പരിപാടി നടത്തുന്നു. https://www.facebook.com/RATTC-Training-104750708002716/ എന്ന ഫേസ്ബുക്ക് പേജിലൂടെ

പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0484-2703094** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

8. തിരുവനന്തപുരം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 13-ന് **തീറ്റപ്പുൽക്കൃഷിക്കനുയോജ്യമായ റെയിൻഹോസ് ജലസേചന രീതി , കൂൺ കൃഷി** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9400288040** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് **റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ** ഈ മാസം 10-ന് രാവിലെ 10.30 മുതൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പറിലോ 7994650941 എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

10. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 11-ന് **പശുക്കളിലെ നാടൻ ചികിത്സ**, 12-ന് **കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041** എന്ന നമ്പരിൽ ബന്ധപ്പെടുക.

11. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നിന്നും ഈ മാസം 11 ന് **ഫാമുകളിലെ ഖരമാലിന്യ നിർമ്മാർജ്ജനം**, 18 ന് **ഫാം ലൈസൻസിങ്ങ്** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0484-2631355 എന്ന ഫോൺ നമ്പരിൽ വിളിച്ചോ 9188522708 എന്ന വാട്സ് ആപ്പ് നമ്പരിൽ സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

12. കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 11/08/2021 ന് രാവിലെ 10.30 മണി മുതൽ കോഴിക്കോട് ജില്ലയിലെ ക്ഷീര സംഘങ്ങളിലെ ലാബ് അസിസ്റ്റന്റ്മാർ, പ്രൊക്യൂർമെന്റ് അസിസ്റ്റന്റ്മാർ എന്നിവർക്ക് **"ഭക്ഷ്യ സുരക്ഷ നിയമം - 2006, പാൽ ഗുണനിലവാരത്തിന്റെ പ്രാധാന്യം, പരിശോധന ലാബ് സജ്ജീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ലാബിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ"** (http://meet.google.com/sig-uzsb-vvn) എന്ന വിഷയത്തിലും ഉച്ചക്ക് 2 മണിക്ക് **"പാൽ ഗുണനിലവാര പരിശോധന, രാസവസ്തുക്കളുടെ പ്രിപ്പറേഷൻ, ടെസ്റ്റിംഗ് ഉപകരണങ്ങളുടെ പ്രവർത്തനം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ"** ( http://meet.google.com/xky-sofj-bce ) എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം നടത്തുന്നു.